REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വീർ ബാൽ ദിവസിനോട് അനുബന്ധിച്ച് പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ, രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.**
- **സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ മൂന്ന് ദിവസത്തെ ദേശീയ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.**
- **സംസ്ഥാനത്ത് കോർപറേഷൻ, നഗരസഭാ അധ്യക്ഷന്മാരുടെയും ഉപാധ്യക്ഷൻമാരുടെയും തിരഞ്ഞെടുപ്പ് ആരംഭിച്ചു.**
- **മണ്ഡലപൂജയ്ക്ക് ശബരിമല ശാസ്താവിന് ചാർത്തുന്ന തങ്കയങ്കി വഹിച്ച ഘോഷയാത്ര അല്പസമയത്തിനകം പമ്പാഗണപതി ക്ഷേത്രത്തിലെത്തും.**
- **ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം വൈകിട്ട് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ .**

## വാർത്തകൾ വിശദമായി

വീർ ബാൽ ദിവസിനോട് അനുബന്ധിച്ച് പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ, രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. ധീരത, കായികം, സാമൂഹിക സേവനം തുടങ്ങിയ വിവിധ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച 20 കുട്ടികൾക്കാണ് പുരസ്കാരം നൽകിയത്.

പുരസ്കാരം രാജ്യത്തെ കുട്ടികളെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്ന് രാഷ്ട്രപതി പറഞ്ഞു. പുരസ്കാരം

നേടിയ കുട്ടികൾ ധീരത, കല, സംസ്കാരം, പരിസ്ഥിതി, നവീകരണം, ശാസ്ത്ര സാങ്കേതിക വിദ്യ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ അസാധാരണമായ സംഭാവനകൾ നൽകിയിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

സന്താലി ഭാഷയിലെ ഭരണഘടന, ജനാധിപത്യ പങ്കാളിത്തവും ഭരണഘടനാ അവബോധവും വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

സന്താലി സംസ്കാരത്തിലും ദേശീയ പുരോഗതിക്ക് സന്താലി ജനതയുടെ സംഭാവനയിലും രാജ്യം  അഭിമാനിക്കുന്നതായും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് മറ്റന്നാൾ രാവിലെ 11 ന്. പരിപാടിയുടെ 129-ാം പതിപ്പാണിത്.

മൻ കി ബാതിലേക്ക് 47ആശയങ്ങളും അഭിപ്രായങ്ങളും MyGov.in, നമോ App എന്നിവയിലൂടെയോ, 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ, ഇന്ന് കൂടി അറിയിക്കാം.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേൽ  പരാതികളും അവകാശ വാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർപട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

✪✪✪

സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ മൂന്ന് ദിവസത്തെ  ദേശീയ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെയും മറ്റന്നാളും  സമ്മേളനത്തിൽ അധ്യക്ഷത വഹിക്കും. ദേശീയ വികസന മുൻഗണനകളെക്കുറിച്ച് ഘടനാപരവും സുസ്ഥിരവുമായ ചർച്ചകളിലൂടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിൽ സമ്മേളനം പ്രധാന നാഴികക്കല്ലാകും.

കേന്ദ്ര - സംസ്ഥാന സഹകരണത്തിനും രാജ്യത്തിന്റെ മനുഷ്യ വിഭവശേഷി പരമാവധിയാക്കുന്നതിനും ഏകീകൃത റോഡ്മാപ്പിന് സമ്മേളനം രൂപം നൽകും.

✪✪✪

ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും വരും കാലങ്ങളിൽ പരിഷ്കാരങ്ങൾ കൂടുതൽ ശക്തിയോടെ തുടരുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സാമൂഹിക മാധ്യമത്തിൽ മൈ Gov ഇന്ത്യയുടെ പോസ്റ്റ് പങ്കുവെച്ചുകൊണ്ടാണ് പ്രധാനമന്ത്രിയുടെ പ്രതികരണം.

സങ്കീർണതകളിലല്ല, ഫലപ്രാപ്തിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് 2025-ൽ വ്യക്തമായ മാറ്റത്തിന് വഴിയൊരുക്കിയതെന്ന് മോദി പറഞ്ഞു. ലളിതമായ നികുതി നിയമങ്ങൾ, വേഗത്തിൽ തർക്ക പരിഹാരം, ആധുനിക തൊഴിൽ കോഡുകൾ, കുറ്റകൃത്യങ്ങളിൽ നിന്ന് മുക്തമാക്കൽ എന്നിവ പൗരന്മാരുടെയും ബിസിനസുകാരുടെയും സംഘർഷം ഒരുപോലെ കുറയ്ക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലെ മേയർ, ഡെപ്യൂട്ടി മേയർ, 86 മുനിസിപ്പാലിറ്റികളിലെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ തിരഞ്ഞെടുപ്പ് ആരംഭിച്ചു. പലയിടത്തും മേയർ, ചെയർപേഴ്സൺ തെരഞ്ഞെടുപ്പ് പൂർത്തിയായി. ഉച്ചകഴിഞ്ഞ് രണ്ടരയ്ക്കാണ് ഡെപ്യൂട്ടി മേയർ, വൈസ് ചെയർപേഴ്സൺ തെരഞ്ഞെടുപ്പ്.

കൊച്ചി, തൃശൂർ, കണ്ണൂർ കോർപറേഷനുകളിൽ വനിതകളാണ് മേയർമാർ. മുൻസിപ്പാലിറ്റികളിൽ 44 അധ്യക്ഷ സ്ഥാനം വനിതകൾക്കും, ആറ് എണ്ണം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും, ഒരെണ്ണം പട്ടികവർഗ്ഗ വിഭാഗത്തിനുമാണ്.

✪✪✪

കണ്ണൂർ കോർപ്പറേഷൻ മേയറായി കോൺഗ്രസിലെ P ഇന്ദിരയെ തെരഞ്ഞെടുത്തു. 56 അംഗ കോർപറേഷൻ കൗൺസിലിൽ P ഇന്ദിരക്ക് 36 വോട്ടും LDFലെ VK പ്രകാശിനിക്ക് 15 ഉം BJP സ്ഥാനാർത്ഥി അർച്ചന വണ്ടിച്ചാലിന് നാലും വോട്ടുകൾ ലഭിച്ചു.

ഉച്ചയ്ക്ക് ശേഷം നടത്തുന്ന ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പിൽ മുസ്ലിംലീഗിലെ K P താഹിർ ആണ് UDF സ്ഥാനാർത്ഥി. CPIM ലെ MP അനിൽ കുമാർ LDF സ്ഥാനാർത്ഥിയായും BJP യിലെ MK മജേഷ് NDA സ്ഥാനാർത്ഥിയായും മത്സരിക്കും.

✪✪✪

തൃശ്ശൂർ കോർപ്പറേഷൻ മേയറായി ഡോ. നിജി ജസ്റ്റിൻ തിരഞ്ഞെടുക്കപ്പെട്ടു. ഡോ. നിജിക്ക് 35 വോട്ടുകളും ML റോസിക്ക് 13 വോട്ടുകളും ലഭിച്ചു.

തിരുവനന്തപുരം കോർപറേഷനിൽ മേയർ തിരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചു. V.V.രാജേഷ് ആണ് BJPയുടെ മേയർ സ്ഥാനാർഥി. ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്ക് G.ആശാനാഥും മത്സരിക്കുന്നു.

കോഴിക്കോട് കോർപറേഷനിൽ ആദ്യ റൗണ്ട് വോട്ടെടുപ്പ് പൂർത്തിയായി. വോട്ടെണ്ണൽ നടപടികളിലേക്ക് കടന്നു. LDFന് ഭൂരിപക്ഷമുള്ള കോഴിക്കോട് O സദാശിവൻ ആണ് മേയർ സ്ഥാനാർഥി. ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്ക് S.ജയശ്രീയെയും LDF നേരത്തെ പ്രഖ്യാപിച്ചിരുന്നു. UK അബൂബക്കർ ആണ് UDF മേയർ സ്ഥാനാർഥി. ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്ക് udf ന് വേണ്ടി ഫാത്തിമ തെഹലിയയും മത്സരിക്കും.

✪✪✪

കൊല്ലം കോർപ്പറേഷൻ മേയറായി UDFലെ എ.കെ. ഹഫീസ് തെരഞ്ഞെടുക്കപ്പെട്ടു. 56 അംഗ കൗൺസിൽ വോട്ടെടുപ്പിൽ ഹഫീസിന് 28 വോട്ട് ലഭിച്ചു. UDF അംഗങ്ങളുടേത് കൂടാതെ SDPI കൗൺസിലറുടെ വോട്ടും ഹഫീസിന് ലഭിച്ചു.

✪✪✪

കണ്ണൂർ ശ്രീകണ്ഠപുരം നഗരസഭയിൽ UDF ലെ E.V രാമകൃഷ്ണനെ ചെയർപേഴ്സൺ ആയി തിരഞ്ഞെടുത്തു. LDF ലെ T.K രതകുമാറിനെയാണ് പരാജയപ്പെടുത്തിയത്.

✪✪✪

പെരിന്തൽമണ്ണ നഗരസഭാ ചെയർപേഴ്സൺ ആയി മുസ്ലീംലീഗിലെ സുരയ്യ ഫാറൂഖ് തെരഞ്ഞെടുക്കപ്പെട്ടു. CPIM ലെ അമ്പിളി മനോജിനെ അഞ്ചു വോട്ടിനാണ് അവർ പരാജയ പ്പെടുത്തിയത്.

✪✪✪

സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിലെ തെരഞ്ഞെടുപ്പിന് നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടക്കുന്നു. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിപ്പാടം, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് തെരഞ്ഞെടുപ്പ്.

പത്രിക പിൻവലിക്കാൻ അവസാന തിയ്യതി ഈ മാസം 29 ആണ്. ജനുവരി 12-നാണ് വോട്ടെടുപ്പ്. 13-ന് വോട്ടെണ്ണും.

✪✪✪

മണ്ഡലപൂജയ്ക്ക് ശബരിമല ശാസ്താവിന് ചാർത്തുന്ന തങ്കയങ്കി വഹിച്ച ഘോഷയാത്ര അല്പസമയത്തിനകം പമ്പാഗണപതി ക്ഷേത്രത്തിലെത്തും. വൈകിട്ട് മൂന്നിനു പമ്പയിൽ നിന്ന് സനിധാനത്തേയ്ക്ക് തിരിക്കുന്ന തങ്കഅങ്കിയാത്ര 6.30ന് സന്നിധാനത്തും എത്തിച്ചേരും. തുടർന്ന് സന്നിധാനത്ത് തങ്കയങ്കി ചാർത്തി മഹാദീപാരാധന നടക്കും. നാളെ രാവിലെ 10.10 നും 11.30 നും മധ്യേ മണ്ഡല കാലത്തെ പ്രധാന ചടങ്ങായ മണ്ഡലപൂജയും നടക്കും. തുടർന്ന് രാത്രി 11 ന് മണ്ഡലകാല സമാപനം കുറിച്ച് നടയടച്ചാൽ, മകരവിളക്ക് ഉൽസവത്തിനായി ഈ മാസം 30-ന് വൈകീട്ട് നട വീണ്ടും തുറക്കും.

✪✪✪

84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് മറ്റന്നാൾ തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ തുടക്കമാകും. ഇത് ആദ്യമായാണ് ഒരു ഗവൺമെന്റ് കോളേജ്, ചരിത്ര കോൺഗ്രസിന് വേദിയാകുന്നത്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ......

..........വോയ്സ്........

കണ്ണൂർ ജില്ലാ ആദിത്യമരുളുന്ന മൂന്നാമത്തെ ചരിത്ര കോൺഗ്രസ് ആണ് തലശ്ശേരിയിൽ നടക്കാൻ പോകുന്നത്. 2008 ലും 2019 ലും കണ്ണൂരിൽ ചരിത്ര കോൺഗ്രസ് നടന്നിട്ടുണ്ട്.

രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്ന് ആയിരം പ്രതിനിധികൾ കോൺഗ്രസിൽ പങ്കെടുക്കും.ഞായറാഴ്ച രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ചരിത്ര കോൺഗ്രസ് ഉദ്ഘാടനം ചെയ്യും

തുടർന്ന് വിവിധ വിഷയങ്ങളിൽ പ്രബന്ധാവതരണം നടക്കും പുരാതന ഇന്ത്യ മധ്യകാല ഇന്ത്യ ആധുനിക ഇന്ത്യ ഒഴികെയുള്ള രാജ്യങ്ങൾ പുരാവസ്തു പഠനം സമകാലിക ഇന്ത്യ തുടങ്ങിയ വിഭാഗങ്ങളിലാണ് പ്രബന്ധാവതരണങ്ങൾ ഉണ്ടാവുക കേരള ചരിത്ര പഠനം സംബന്ധിച്ച് പ്രത്യേക സെക്ഷനും ഉണ്ടാകും മികച്ച 16 പ്രബന്ധങ്ങൾക്ക് പുരസ്കാരം നൽകുന്നുണ്ട്

30 വരെ നടക്കുന്ന കോൺഗ്രസിൽ പുസ്തകോത്സവം ചരിത്രപ്രദർശനം സാംസ്കാരിക പരിപാടികൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം വൈകിട്ട് ഏഴിന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ആരംഭിക്കും. അഞ്ചുമത്സര പരമ്പരയിൽ രണ്ട് മത്സരങ്ങളിൽ ജയിച്ച് ഇന്ത്യ മുന്നിലാണ്.

✪✪✪

അഞ്ചാമത് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന് ഇന്ന് തുടക്കം. പ്രധാന വേദിയായ ബേപ്പൂർ മറീനയിൽ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഫെസ്റ്റ് ഉദ്ഘാടനം ചെയ്യും. ഇതിന് മുന്നോടിയായി ഘോഷയാത്ര നടത്തും. മന്ത്രിമാർ, ജനപ്രതിനിധികൾ, മറ്റ് വിശിഷ്ടാതിഥികൾ തുടങ്ങിയവർ പങ്കെടുക്കും.

മൂന്ന് ദിവസത്തെ മേളയിൽ ജലകായിക ഇനങ്ങൾ, ഭക്ഷ്യമേള, അന്താരാഷ്ട്ര പട്ടം പറത്തൽ മത്സരം, മറ്റ് കലാ, സാംസ്കാരിക, സംഗീത പരിപാടികൾ എന്നിവയുണ്ടാകും. സംസ്ഥാന വിനോദ സഞ്ചാര വകുപ്പും ജില്ലാ ഭരണകൂടവും DTPC യും ചേർന്നാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

✪✪✪

വിനോദ സഞ്ചാര മേഖലയ്ക്ക് പുത്തൻ അനുഭവം സമ്മാനിക്കാൻ കോഴിക്കോട്ട് നിന്ന് ബേപ്പൂരിലേക്ക് ബോട്ട് സർവീസ് ആരംഭിച്ചു. ആദ്യ യാത്ര, കോഴിക്കോട് ബീച്ചിൽ ഫ്രീഡം സ്ക്വയറിനു സമീപം മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് - ബേപ്പൂർ റൂട്ടിൽ ആദ്യമായാണ് ബോട്ട് സർവീസ് ആരംഭിക്കുന്നത്.

ഒരു ബോട്ടിൽ 13 പേർക്ക് യാത്ര ചെയ്യാം. 15 മിനിറ്റാണ് യാത്രാ സമയം. സഞ്ചാരികൾക്ക് വിവിധ പാക്കേജുകൾ തിരഞ്ഞെടുത്ത് യാത്ര ചെയ്യാൻ സൗകര്യമുണ്ട്.

✪✪✪

ഇടുക്കി പാമ്പനാറിന് സമീപം ലാഡ്രം എസ്റ്റേറ്റിൽ നിന്നും കേഴയാടിനെ വേട്ടയാടിയ ആളെ വനംവകുപ്പ് അറസ്റ്റ് ചെയ്തു. പീരുമേട് അമ്പാടിയിൽ ബാലചന്ദ്രനാണ് പിടിയിലായത്. ഇയാളുടെ പക്കൽ നിന്നും രണ്ട് നാടൻ തോക്കുകളും 88 വെടിയുണ്ടകളും പത്തു കിലോയോളം കേഴയാടിന്റെ ഇറച്ചിയും പിടികൂടി. ഇയാൾ സ്ഥിരമായി വന്യമൃഗങ്ങളെ വേട്ടയായി കാട്ടിറിച്ചി വിൽപ്പന നടത്തുന്നയാളാണെന്നാണ് വനം വകുപ്പിന്റെ സംശയം.

✪✪✪

വയനാട് തിരുനെല്ലി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ പനവല്ലി അപ്പപ്പാറ റോഡിൽ വനത്തിൽ വയോധികയുടെ മൃതദേഹം കണ്ടെത്തി. കമ്പളക്കാട് പറളിക്കുന്ന് ആലൂർ ഉന്നതിയിലെ 62 കാരി ചാന്ദ്നിയാണ് മരിച്ചത്.

രാവിലെ കാട്ടാനയുടെ അസ്വാഭാവികമായ കാൽപ്പാടുകൾ കണ്ട വനം വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിലാണ് മൃതദേഹം കണ്ടത്. കാട്ടാന ആക്രമിച്ചതാകാനാണ് സാധ്യതയെന്നാണ് പ്രാഥമിക നിഗമനം.

✪✪✪

വിൽപ്പനയ്ക്ക് എത്തിച്ച 4 ഗ്രാമിലധികം MDMA യുമായി കൊല്ലം ഇരവിപുരത്ത് രണ്ട് യുവാക്കളെ പൊലീസ് അറസ്റ്റ് ചെയ്തു. പുളിയറ തെക്കതിൽ ഷാരുഖ് ഖാൻ, വടക്കേവിള പട്ടത്താനം റെനീഫ് എന്നിവരാണ് പിടിയിലായത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader:അനുഷ ആത്മപ്രകാശ്*
*NRTs :സയ്യിദ് അലി ശിഹാബ്, ശരണ്യ രാജൻ*
*DEO : സി കെ സുബോധ്*